**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** **10-02-2025 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 2018-ലെ കരുതൽ ധനം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | കോർപ്പറേഷൻ, നിഷ്ക്രിയ ആസ്തി ആയിട്ടുള്ള വായ്പകൾക്കുള്ള പ്രൊവിഷൻ, ആസ്തികളുടെ മൂല്യനഷ്ടം, മറ്റ് ആവശ്യമായ കാര്യങ്ങൾക്കുള്ള മാറ്റിവയ്ക്കലുകൾ എന്നിവ ധനകാര്യ സ്ഥാപനങ്ങൾ പാലിക്കുന്ന രീതിയനുസരിച്ച് നടത്തിയതിനു ശേഷം, വാർഷിക ലാഭം ഉണ്ടെങ്കിൽ അതിൽ നിന്നും ലാഭവിഹിതം പ്രഖ്യാപിക്കുകയും ലാഭവിഹിതം വിതരണം ചെയ്തതിന് ശേഷമുള്ള ശേഷിച്ച തുക കോർപ്പറേഷന്റെ കരുതൽ ധനത്തിലേക്ക് മാറ്റുകയുമാണ് എല്ലാ സാമ്പത്തിക വർഷാവസാനവും ചെയ്യുന്നത്. |
| (ബി) | പ്രസ്തുത കോർപ്പറേഷൻ, ഫെഡറൽ ബാങ്കിൽ 2018 ഏപ്രിൽ മാസത്തിൽ നിക്ഷേപിച്ചിരുന്ന പണം മുൻകൂറായി പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | മുൻകൂറായി പിൻവലിച്ചിട്ടില്ല.<br><br>കെ.എഫ്.സി ഏപ്രിൽ 2018 ൽ Non SLR(Non Statutory Liquidity Ratio) ബോണ്ടുകൾ പുറത്തിറക്കി 250 കോടി @ 8.69% പലിശനിരക്കിൽ സമാഹരിച്ചിരുന്നു. 60.80 കോടി നിശ്ചിത ഉപകരണത്തിൽ (specified instrument)നിക്ഷേപിക്കണമെന്ന ബോണ്ട് ഇഷ്യൂ നിബന്ധനകൾ പാലിക്കേണ്ടതിനാൽ, നിശ്ചിത ഉപകരണം തീരുമാനിക്കുന്നതുവരെയുള്ള കാലയളവിൽ ഡിബെഞ്ചർ ട്രസ്റ്റിയുടെ അനുമതിയോടെ ഈ തുക ഫെഡറൽ ബാങ്കിന്റെ സേവിംഗ്സ് അക്കൗണ്ടിൽ താൽക്കാലികമായി പാർക്ക് ചെയ്തു. പിന്നീട് നിശ്ചിത ഉപകരണത്തിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥ പാലിക്കാനായി ഫെഡറൽ ബാങ്കിൽ നിന്നും ഡിബെഞ്ചർ ട്രസ്റ്റിയുടെ അനുമതിയോടെ പണം പിൻവലിച്ചു. |
| (സി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2018-ൽ കമ്പനിയുടെ കരുതൽ ധനം പിൻവലിച്ച് റിലയൻസ് | (സി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2018-ൽ കോർപ്പറേഷന്റെ കരുതൽ ധനം പിൻവലിച്ച് |

| | | | |
|---|---|---|---|
| | കൊമേഴ്സ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിക്ഷേപിച്ചതിന്റെ കാരണം വ്യക്തമാക്കുമോ? | | റിലയൻസ് കൊമേഴ്സ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിക്ഷേപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ